REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 03-11-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **ഉപരാഷ്ട്രപതി C.P രാധാകൃഷ്ണൻ രണ്ടുദിവസത്തെ സന്ദർശനത്തിനായി ഇന്ന് കേരളത്തിലെത്തും.**
- **എമേർജിംഗ് സയൻസ് ആൻഡ് ടെക്നോളജി ഇന്നൊവേഷൻ കോൺക്ലേവ്, പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.**
- **സംസ്ഥാനത്ത് ഹയർസെക്കണ്ടറി വിദ്യാർത്ഥിനികൾക്ക് HPV വാക്സിനേഷൻ പദ്ധതി ഇന്നാംരംഭിക്കും.**
- **കണ്ണൂർ മാങ്ങാട്ടുപറമ്പ് K.A.P നാലാം ബറ്റാലിയനിൽ പരിശീലനം പൂർത്തിയാക്കിയ പൊലീസ് ട്രെയിനികളുടെ പാസിംഗ് ഔട്ട് പരേഡ് ഇന്ന്.**
- **വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റ് കിരീടം ഇന്ത്യക്ക് .**

## വാർത്തകൾ വിശദമായി

ഉപരാഷ്ട്രപതി C.P രാധാകൃഷ്ണൻ രണ്ടുദിവസത്തെ സന്ദർശനത്തിനായി ഇന്ന് കേരളത്തിലെത്തും. ഉപരാഷ്ട്രപതി യായതിനു ശേഷം CP രാധാകൃഷ്ണന്റെ ആദ്യ കേരള സന്ദർശനമാണിത്.

ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി.

.......(വോയ്സ്)................

✪✪✪

ഉപരാഷ്ട്രപതിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് കൊല്ലം നഗരത്തിൽ സുരക്ഷ ശക്തമാക്കി. ഗതാഗത നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ട്. ഉച്ചയ്ക്കുശേഷം നഗരപരിധിയിലെ 27 സ്കൂളുകൾക്ക് കളക്ടർ അവധി പ്രഖ്യാപിച്ചു.

✪✪✪

ഇന്ത്യയുടെ ഏറ്റവും ഭാരമേറിയ ആശയവിനിമയ ഉപഗ്രഹമായ CMS-03 വിജയകരമായി വിക്ഷേപിച്ചതിന് ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടനയായ ISRO യെ ഉപരാഷ്ട്രപതി C.P രാധാകൃഷ്ണനും, പ്രധാനമന്ത്രി നരേന്ദ്ര മോദിയും അഭിനന്ദിച്ചു.

ഇന്ത്യൻ നാവികസേനയുടെ ഏറ്റവും ഭാരമേറിയതും നൂതനവുമായ ആശയവിനിമയ ഉപഗ്രഹമാണിതെന്ന് ഉപരാഷ്ട്രപതി പറഞ്ഞു.

രാജ്യത്തെ ബഹിരാകാശ ശാസ്ത്രജ്ഞരുടെ ഊർജസ്വലമായ നേട്ടങ്ങൾ ദേശീയ പുരോഗതിക്ക് കാരണമായിട്ടുണ്ടെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

എമേർജിംഗ് സയൻസ് ആൻഡ് ടെക്നോളജി ഇന്നൊവേഷൻ കോൺക്ലേവ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. ഒരു ലക്ഷം കോടി രൂപയുടെ ഗവേഷണ, വികസന, ഇന്നൊവേഷൻ സ്കീം ഫണ്ടിനും പ്രധാനമന്ത്രി ചടങ്ങിൽ തുടക്കം കുറിക്കും. രാജ്യത്തെ ഗവേഷണ വികസന ആവാസവ്യവസ്ഥയെ ഉത്തേജിപ്പിക്കുകയാണ് കോൺക്ലേവ് ലക്ഷ്യമിടുന്നത്.

✪✪✪

ഗർഭാശയഗള കാൻസർ പ്രതിരോധത്തിനായി സംസ്ഥാനത്ത് പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥിനികൾക്ക് HPV വാക്സിനേഷൻ പദ്ധതി ഇന്നാരംഭിക്കും. കണ്ണൂർ ജില്ലയിലാണ് പൈലറ്റ് അടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കുന്നത്. കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിൽ രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

ഗവൺമെന്റ് നിയോഗിച്ച വിദഗ്ധ സമിതിയുടെ നിർദേശ പ്രകാരമാണ് ഹയർ സെക്കണ്ടറി വിദ്യാർത്ഥിനികൾക്ക് വാക്സിനേഷൻ നൽകാൻ തീരുമാനിച്ചത്.

✪✪✪

ശബരിമല തീർത്ഥാടകർ ഉപയോഗിക്കുന്ന വിവിധ റോഡുകളുടെ നവീകരണത്തിനായി 377 കോടി 8 ലക്ഷം രൂപ അനുവദിച്ചതായി മന്ത്രി KN

ബാലഗോപാൽ അറിയിച്ചു. 10 ജില്ലകളിലെ 82 റോഡുകൾക്കാണ് തുക അനുവദിച്ചത്.

തിരുവനന്തപുരം ജില്ലയിൽ 14 റോഡുകൾക്ക് 68 കോടി 90 ലക്ഷം രൂപയും, കൊല്ലത്ത് 15 റോഡുകൾക്ക് 54 കോടി 20 ലക്ഷം രൂപയും, പത്തനംതിട്ടയിൽ ആറു റോഡുകൾക്ക് 40 കോടി 20 ലക്ഷം രൂപയും, ആലപ്പുഴയിൽ ഒമ്പത് റോഡുകൾക്ക് 36 കോടി രൂപയും, കോട്ടയത്ത് എട്ട് റോഡുകൾക്ക് 35 കോടി 20 ലക്ഷം രൂപയും അനുവദിച്ചു.

ഇടുക്കിയിൽ അഞ്ച് റോഡിന് 35 കോടി 10 ലക്ഷം രൂപയും, എറണാകുളത്ത് എട്ട് റോഡിന് 32 കോടി 42 ലക്ഷം രൂപയും, തൃശൂരിൽ 11 റോഡിന് 44 കോടി രൂപയും, പാലക്കാട്ട് അഞ്ച് റോഡിന് 27 കോടി 30 ലക്ഷം രൂപയും, മലപ്പുറത്തെ ഒരു റോഡിന് നാലര കോടി രൂപയുമാണ് വകയിരുത്തിയത്.

✪✪✪

സാമൂഹിക പ്രതിബദ്ധതയോടെ ഇടപെടാൻ എല്ലാവരും തയാറാകണമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. കോഴിക്കോട് പെരുമണ്ണ പഞ്ചായത്തിലെ ജനകീയ ആരോഗ്യ കേന്ദ്രം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

55 ലക്ഷം രൂപ നാഷണൽ ഹെൽത്ത് മിഷനും, 25 ലക്ഷം രൂപ പഞ്ചായത്തും ചെലവിട്ടാണ് ജനകീയ ആരോഗ്യ കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയത്.

✪✪✪

ആഭ്യന്തര വകുപ്പിന്റെ വിഷൻ 2031 സംസ്ഥാനതല സെമിനാർ ഇന്ന് കണ്ണൂരിൽ നടത്തും. കലക്ടേറ്റ് മൈതാനിയിൽ രാവിലെ മുൻ സുപ്രീം കോടതി ജഡ്ജി C.T രവികുമാർ ഉദ്ഘാടനം ചെയ്യും.

വിവിധ വിഷയങ്ങളിൽ പാനൽ ചർച്ചയുണ്ടാവും. ആഭ്യന്തരം, വിജിലൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹ കഴിഞ്ഞ 10 വർഷത്തെ ആഭ്യന്തര വകുപ്പിന്റെ നേട്ടങ്ങൾ അവതരിപ്പിക്കും. വൈകീട്ട് സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

✪✪✪

കണ്ണൂർ മാങ്ങാട്ടുപറമ്പ് K.A.P നാലാം ബറ്റാലിയനിൽ പരിശീലനം പൂർത്തിയാക്കിയ പൊലീസ് ട്രെയിനികളുടെ പാസിംഗ് ഔട്ട് പരേഡ് ഇന്ന്. മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ പരേഡിൽ അഭിവാദ്യം സ്വീകരിക്കും.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ.

........(വോയ്സ്)................

✪✪✪

കണ്ണൂർ കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിലെ മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്ക്, രാവിലെ പത്തരയ്ക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ഉച്ചയ്ക്ക് തലശ്ശേരി കോളേജ് ഓഫ് എൻജിനീയറിങ്ങിൽ E. നാരായണൻ മെമ്മോറിയൽ ഓഡിറ്റോറിയം ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിക്കും.

വൈകിട്ട് കണ്ണൂർ ടൗൺ സ്ക്വയറിൽ നടക്കുന്ന ചടങ്ങിൽ CPIM കേന്ദ്ര കമ്മിറ്റി അംഗം E.P ജയരാജന്റെ ആത്മകഥ മുഖ്യമന്ത്രി പ്രകാശനം ചെയ്യും.

✪✪✪

വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യക്ക് കന്നിക്കിരീടം. നവി മുംബൈയിലെ DY പാട്ടീൽ സ്റ്റേഡിയത്തിൽ കലാശപോരാട്ടത്തിൽ ദക്ഷിണാഫ്രിക്കയെ 52 റൺസിന് കീഴടക്കിയാണ് ഇന്ത്യ കിരീടം സ്വന്തമാക്കിയത്.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)............

ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ, 50 ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 298 റൺസെടുത്തു. ഇന്ത്യ ഉയർത്തിയ 299 റൺസ് വിജയലക്ഷ്യവുമായി മറുപടി ബാറ്റിംഗിനിറങ്ങിയ ദക്ഷിണാഫ്രിക്ക, 246 റൺസിന് പുറത്തായി.

ലോകകപ്പ് ഫൈനലുകളിലെ രണ്ടാമത്തെ ഉയർന്ന സ്കോറാണ് ഇന്ത്യ നേടിയത്. 2005 ലും 2017 ലും ഫൈനലിലെത്തിയെങ്കിലും കിരീടം നേടാനായിരുന്നില്ല. ഷെഫാലിയാണ് പ്ലെയർ ഓഫ് ദ ഫൈനൽ. ദീപ്തി പ്ലേയർ ഓഫ് ടൂർണമെന്റായി.

ലോകകപ്പ് നേടിയ താരങ്ങളെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു. ഇന്ത്യൻ ടീമിന്റേത് അത്ഭുതകരമായ വിജയമാണെന്നും ഫൈനലിലെ മികച്ച പ്രകടനം കഴിവും ആത്മവിശ്വാസവും കൊണ്ട് അടയാളപ്പെടുത്തിയെന്നും പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ടൂർണമെന്റിലുടനീളം ടീം അസാധാരണമായ സ്ഥിരോത്സാഹം പ്രകടിപ്പിച്ചതായും ഈ ചരിത്ര വിജയം ഭാവി ചാമ്പ്യന്മാരെ കായികരംഗത്തേക്ക് കൊണ്ടുപോകാൻ പ്രേരിപ്പിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ  അഞ്ചാം റൗണ്ടിലെ ആദ്യ മത്സരത്തിൽ കാലിക്കറ്റ് FC, തിരുവനന്തപുരം കൊമ്പൻസിനെ ഒരുഗോളിന് തോൽപ്പിച്ചു.

അഞ്ചാം റൗണ്ടിലെ രണ്ടാം മത്സരത്തിൽ എറണാകുളം മഹാരാജാസ് സ്റ്റേഡിയത്തിൽ നാളെ ഫോഴ്സ കൊച്ചി FC,  മലപ്പുറം FC യെ നേരിടും.

✪✪✪

1973 ൽ കേരളത്തിനു വേണ്ടി ആദ്യമായി  സന്തോഷ് ട്രോഫി  ഫുട്ബോൾ കിരീടം നേടിയ  ടീം അംഗങ്ങളെ കായിക വകുപ്പിന്റെ  നേതൃത്വത്തിൽ മലപ്പുറത്ത് ആദരിച്ചു. വിഷൻ 2031 ന്റെ ഭാഗമായ  'നവകായിക കേരളം മികവിന്റെ പുതുഅധ്യായം' സെമിനാറിന്റ മുന്നോടിയായാണ് ആദരം സംഘടിപ്പിച്ചത്.

മലപ്പുറത്ത് നിന്ന് M സുരേഷ്ബാബു.

.....(വോയ്സ്)...........

✪✪✪

രാജ്യസഭാ MP, C. സദാനന്ദൻ മാസ്റ്ററുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് കണ്ണൂർ ജില്ലയിലെ വികസന പദ്ധതികൾക്ക് ഒന്നരക്കോടി രൂപയോളം അനുവദിച്ചു. ഗ്രാമീണ റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തൽ, ഉയരവിളക്കുകൾ സ്ഥാപിക്കൽ,  ജലസ്രോതസ്സുകളുടെ സംരക്ഷണം, വിദ്യാലയങ്ങളിൽ കമ്പ്യൂട്ടറുകൾ ഉൾപ്പെടെ പഠനോപകരണ വിതരണം എന്നിവയ്ക്കാണ് തുക അനുവദിച്ചത്.

✪✪✪

പരുമല പെരുന്നാൾ ഇന്ന്. പുലർച്ചെ മൂന്നിനു നടന്ന കുർബാനയോടെ പെരുനാൾ ദിന ചടങ്ങുകൾ ആരംഭിച്ചു.  എബ്രഹാം മാർസ്തേഫാനോസ് മുഖ്യകാർമികത്വം വഹിച്ചു. രാവിലെ 7.15 നു നടക്കുന്ന മൂന്നിൻമേൽ കുർബാനയ്ക്ക് പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ മുഖ്യകാർമികത്വം വഹിക്കും. ഉച്ചയ്ക്ക് രണ്ടിനു റാസയും, മൂന്നിനു കൊടിയിറക്കും നടക്കും.

പള്ളിപെരുന്നാളിന്റെ സമാപന ദിവസമായ ഇന്ന് പത്തനംതിട്ട ജില്ലയിലെ തിരുവല്ല, ആലപ്പുഴ ജില്ലയിലെ  മാവേലിക്കര, ചെങ്ങന്നൂർ താലൂക്കുകളിലെ

ഗവൺമെന്റ് ഓഫീസുകൾക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കലക്ടർമാർ പ്രാദേശിക അവധി പ്രഖ്യാപിച്ചു. നേരത്തെ നിശ്ചയിച്ച പൊതു പരീക്ഷകൾക്ക് അവധി ബാധകമല്ല.

✪✪✪

നിത്യചൈതന്യയതിയുടെ ജന്മശതാബ്ദി ആഘോഷം പത്തനംതിട്ട കോന്നിയിൽ നടന്നു. കോന്നി മുറിഞ്ഞകൽ വിദ്യാനികേതൻ ഗുരുകുലത്തിൽ നടന്ന പരിപാടിയിൽ ഉപനിഷത്ത് പാരായണം, ഗുരുദേവ കൃതികളുടെ സംഗീതാവിഷ്കാരം, സംഗീതാർച്ചന എന്നിവയും നടന്നു.

✪✪✪

സമസ്ത കേരള ജംഇയ്യത്തുൽ ഉലമ കേന്ദ്ര മുശാവറ അംഗമായിരുന്ന KK അഹമ്മദ് കുട്ടി മുസ്‌ലിയാർ, കോഴിക്കോട് കട്ടിപ്പാറയിൽ അന്തരിച്ചു. അദ്ദേഹത്തിന് 80 വയസ്സായിരുന്നു. മയ്യിത്ത് നമസ്കാരം രാവിലെ എട്ടിന് കാരന്തൂർ മർക്കസ് കാമ്പസിലെ ഹാമിലി മസ്ജിദിലും വൈകിട്ട് മൂന്നിന് താമരശ്ശേരിക്കു സമീപം കട്ടിപ്പാറ - ചെമ്പ്ര കുണ്ട ജുമാ മസ്ജിദിലും നടത്തും.

✪✪✪

നാലാമത് ആഗോള മറൈൻ സിമ്പോസിയം, 'മീകോസ് 4 ന് നാളെ കൊച്ചിയിലെ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിൽ തുടക്കമാകും. സമുദ്ര ആവാസവ്യവസ്ഥ, മത്സ്യബന്ധനം, അക്വാകൾച്ചർ എന്നീ രംഗങ്ങളിൽ നേരിടുന്ന വെല്ലുവിളികൾ ചർച്ചയാകും. ISRO മുൻ ചെയർമാൻ S.സോമനാഥ് സിമ്പോസിയം ഉദ്ഘാടനം ചെയ്യും. പരിപാടിയോടനുബന്ധിച്ച് പൊതുജനങ്ങൾക്കായി സമുദ്രവിഭവ ഭക്ഷ്യമേളയും സംഘടിപ്പിക്കും.

✪✪✪

---

***News Editor : പി ചന്ദ്രബാബു***
***News Reader: സബിത ആനന്ദ്***
***NRTs : ഫസ്ന ഫാത്തിമ***
***DEO: ഷീബ***